# THE VILLAGE INTERNATIONAL SCHOOL,THODUPUZHA
## SECOND MODEL EXAMINATION 2023-2024
## MALAYALAM

**CLASS-X** **TIME:3 Hours**

**05-01-2024** **Max.Marks:80**

General Instructions

***The question paper divided into two sections:***
***Section A:Reading Comprehension(V.S.A.Q)***
***Vocabulary Building&prose&Poetry(M.C.Q) :40 marks***
***Section B:Grammar,Composition***
***Literature( Prose,Poetry&Supplementary) :40 marks***

| | | |
|---|---|---|
| **I** | താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ***8*** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | ***1*8=8*** |
| | ഗംഗയ്ക്ക് സമാനമായി മറ്റൊരു തീർത്ഥമില്ല.ഗായത്രിയേക്കാൾ ശ്രേഷ്ഠമായ ഒരു മന്ത്രവും ഇല്ല.വേദങ്ങളിൽ സർവ്വശ്രേഷ്ടമായ മന്ത്രമാണ് ഗായത്രി.ജഗജ്ജനനിയാണ് ഗായത്രി.നമ്മുടെ ആത്മാവ് പരമാത്മാവിന്റെ അംശമാണ് ഗായത്രി . ജപം കൊണ്ട് അവ ഒന്നാകുന്നു. ഒരുവൻ ജന്മാന്തരങ്ങളായി ചെയ്തുകൂട്ടിയ പാപങ്ങളെ ഇല്ലായ്മ ചെയ്യുകയാണ് മന്ത്രത്തിന്റെ പ്രാഥമിക ധർമ്മം. എപ്പോൾ സർവ്വ പാപങ്ങളും നശിക്കുകയും ആത്മാവ് നിർമ്മലമായി തീരുകയും ചെയ്യുന്നുവോ അപ്പോൾ മുതൽ വിശേഷരൂപേണയുള്ള ഫലങ്ങൾ പ്രത്യക്ഷമായി തുടങ്ങും.ഒരു മണിമാളിക പണിയുമ്പോൾ അതിൻറെ അസ്ഥിവാരം ഉറപ്പുള്ളതാവണം.പൂർവ്വജന്മകൃത പാപങ്ങൾ ഒരുവന്റെ ജീവിതത്തെ സാരമായി ബാധിക്കാറുണ്ട്.ഗായത്രി ജപത്തിലൂടെ മുജ്ജന്മദുഷ്കൃതങ്ങൾ ഇല്ലാതാകുന്നു.അതിനുശേഷമേ ഉദ്ദിഷ്ടഫലസിദ്ധി കൈവരൂ.ഗായത്രി സത്വഗുണത്തിന്റെ ശക്തിയാണ്. ആ മഹാശക്തിയെ സമർപ്പണ ബുദ്ധിയോടെ ഉപാസിക്കുന്നവർക്ക് മാത്രമേ മധുര ഫലങ്ങൾ ലഭിക്കുകയുള്ളൂ. പ്രേയസ്സും ശ്രേയസ്സും ഇച്ഛിക്കുന്നവർ മന്ത്രസമന്വിതം ദേവകളെ ഉപാസിക്കാറുണ്ട്.വൈദിക മന്ത്രങ്ങൾ അർത്ഥമറിയാതെ ഉച്ചരിക്കുന്നത് കൊണ്ട് ഒരിക്കലും ഫലസിദ്ധി ഉണ്ടാവുകയില്ല. യാസ്കാചര്യർ പറയുന്നത് വിറക് നല്ലതുപോലെ ഉണങ്ങിയതാണെങ്കിലും തീ കൊളുത്താതെ അത് കത്തുകയില്ല.ഇഹത്തിലും പരത്തിലും സൗഭാഗ്യം നൽകുന്ന ദേവത ഗായത്രിമാതാവ് ആണ് . സാധകന്റെ ആത്മാവിനെ പവിത്രമാക്കുന്നതിനോടൊപ്പം ആദ്ധ്യാത്മിക ഔന്നിത്യവും ലൗകിക കാമനകളുടെ സാഫല്യവും ഒരേസമയം നൽകുന്നു.വിശ്വാമിത്ര മുനിയാണ് ഗായത്രി മന്ത്രത്തിന്റെ ഋഷി. അദ്ദേഹത്തിലൂടെ ബ്രഹ്മദേവൻ ആണ് ഈ മന്ത്രത്തെ സാക്ഷാത്കരിച്ചത് എന്നാണ് സങ്കല്പം. രാജശ്രീ വിശ്വാമിത്രനെ ബ്രഹ്മരക്ഷ ആക്കിയത് ഈ | |

| | | |
|---|---|---|
| | വിശുദ്ധ മന്ത്രമാണത്രേ. യാജ്ഞവല്ക്യമുനി, ഭരദ്വജൻ, അഗസ്ത്യൻ തുടങ്ങിയ ഋഷിശ്വരന്മാർ അപൗരഷേയമായ ഈഗായത്രി മന്ത്രത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഗാനം ചെയ്യുന്നവരെ രക്ഷിക്കുന്നത് കൊണ്ടാണ് ഗായത്രി എന്ന പേരുണ്ടായത് എന്നാണ് യാജ്ഞവല്ക്യമുനി അഭിപ്രായപ്പെട്ടിട്ടുള്ളത്. | |
| **1.** | വൈദിക മന്ത്രങ്ങൾ അർത്ഥം അറിയാതെ ഉച്ചരിച്ചാൽ എന്താണ് ദോഷം **?** | |
| **2.** | ഗായത്രി മന്ത്രജപം കൊണ്ട് ഒന്നാവുന്നത് ആരെല്ലാമാണ്**?** | |
| **3.** | ഇഹം എന്ന വാക്കിൻറെ വിപരീത അർത്ഥത്തിൽ ഈ ഖണ്ഡികയിൽ ഉപയോഗിച്ച പദം ഏതാണ്**?** | |
| **4.** | ഫലം എന്ന വാക്കിന് സമാനർത്ഥമായ ഏതൊക്കെ പദങ്ങളാണ് ഇവിടെ ഉള്ളത്**?** | |
| **5.** | ഗായത്രി മന്ത്രം വിശ്വാമിത്രമഹർഷിയെ ഏത് അവസ്ഥയിലാണ് എത്തിച്ചത്**?** | |
| **6.** | ഗായത്രി മന്ത്രം ആരുടെ ആത്മാവിനെയാണ് പവിത്രമാകുന്നത്**?** | |
| **7.** | ആത്മാവിന് എന്ത് സംഭവിക്കുമ്പോഴാണ് വിശേഷ രൂപത്തിലുള്ള ഫലങ്ങൾ ലഭിക്കുന്നത്**?** | |
| **8.** | ഉയർച്ച എന്ന അർത്ഥത്തിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം ഏത്**?** | |
| **II** | ഖണ്ഡിക വായിച്ച ചുവടെയുള്ള ***7*** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | **1*7=7** |
| | മാതാപിതാക്കളുടെ സ്വഭാവസവിശേഷതകൾ സന്താനങ്ങളിലേക്ക് വ്യാപരിക്കുന്ന പ്രക്രിയയാണ് വംശ പാരമ്പര്യം.മാതാപിതാക്കളിൽ നിന്ന് ഭിന്നമായി സന്താനങ്ങൾ പ്രകടിപ്പിക്കുന്ന സ്വഭാവ വിശേഷങ്ങളെ വ്യതിയാനങ്ങൾ എന്നു പറയുന്നു.വംശ പാരമ്പര്യത്തെയും വ്യതിയാനങ്ങളെയും കുറിച്ചുള്ള പഠനശാഖയാണ് ജനിതകശാസ്ത്രം.ജനിതകശാസ്ത്രത്തിന് അടിത്തറപാകിയത് ഗ്രിഗറി ജോഹാൻ മെൻഡൽ എന്ന ശാസ്ത്രജ്ഞനാണ്. ഓസ്ട്രിയക്കാരനായ ഒരു പുരോഹിതനായിരുന്നു ഇദ്ദേഹം. മെൻഡൽ പയറുചെടിയിൽ നടത്തിയ വർഗ്ഗസങ്കരണ പരീക്ഷണങ്ങളാണ് ജനിതകശാസ്ത്രരംഗത്ത് പിന്നീടുണ്ടായ പരീക്ഷണങ്ങൾക്കെല്ലാം പിന്നിൽ. മെൻഡലിനെ ജനിതകശാസ്ത്രത്തിന്റെ പിതാവായാണ് കണക്കാക്കുന്നത്. മാതാപിതാക്കളിൽ നിന്ന് സന്താനങ്ങളിലേക്ക് പാരമ്പര്യ സ്വഭാവങ്ങൾ വഹിച്ചുകൊണ്ടു പോകുന്നത് ഡിഎൻഎ തന്മാത്രകളാണ്. മാതാപിതാക്കളുടെ ജീനുകളിൽ കൃത്രിമമായി മാറ്റം ഉണ്ടാക്കിയാൽ അത്തരം മാറ്റങ്ങൾ സന്താനങ്ങളിലേക്ക് പാരമ്പരമായി വ്യാപിക്കും. ഒരു പ്രത്യേക സ്വഭാവത്തിന് നിദാനമായ | |

| | | |
|---|---|---|
| | ജീനുകളെ നീക്കം ചെയ്യാനോ പുതിയ ജീൻ ഡി.എൻ.എ യിൽകൂട്ടിച്ചേർക്കാനോ ഇന്ന് കഴിയും ഈ സാങ്കേതിക വിദ്യയാണ് ജനിതക എൻജിനീയറിങ് | |
| **1.** | എന്താണ് ജനിതകശാസ്ത്രം | |
| **2.** | മെൻഡലിനെ ജനിതകശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത് എന്തുകൊണ്ട് | |
| **3.** | ആരാണ് ഗ്രിഗർ ജൊഹാൻ മെൻഡൽ | |
| **4.** | എന്താണ് ജനിതക എൻജിനീയറിങ് | |
| **5.** | ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക | |
| **6.** | മാതാപിതാക്കളിൽ നിന്ന് സന്താനങ്ങളിലേക്ക് പാരമ്പര്യ സ്വഭാവങ്ങൾ വഹിച്ചുകൊണ്ട് പോകുന്നത് ആരാണ് | |
| **7.** | എന്താണ് വംശ പാരമ്പര്യം | |
| **III** | ഏതെങ്കിലും ***7*** എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക | ***1*7=7*** |
| **1.** | മിഥ്യ **-** എന്നതിന്റെ വിപരീത പദം ഏത്<br>**(**സത്യ, വ്യഥ, തഥ്യ**)** | |
| **2.** | പാടം **-** ശരിയായ പര്യായ പദം എടുത്തെഴുതുക<br>**(**പീയൂഷം, കേദാരം, അമൃതകം**)** | |
| **3.** | അമൃത് **-** എന്ന പദത്തിന്റെ പര്യായമല്ലാത്തത് ഏത്<br>**(**പീയൂഷം, കേദാരം, അമൃതകരം**)** | |
| **4.** | വഹ്നി **-** എന്നർത്ഥം വരുന്ന പദമേത്<br>**(**അഗ്നി, പേടി, ഭംഗി **)** | |
| **5.** | താഴെ തന്നിരിക്കുന്നവയിൽ ദുഃഖം എന്ന് അർത്ഥം വരുന്ന പദം ഏത്**?**<br>**(**കൊണ്ടൽ,ഇണ്ടൽ,സപദി**)** | |
| **6.** | സാരം **-** എന്നതിന്റെ നാനാർത്ഥ പദമല്ലാത്തത് ഏത്<br>**(** മനോവികാരം,ഉള്ളടക്കം, സത്യം **)** | |
| **7.** | ഉന്നം **-** മുന്നം ഇവയുടെ അർത്ഥവ്യത്യാസം എഴുതുക<br>ഉന്നം **- (**ഒന്ന്, തോയം, ലക്ഷ്യം**)**<br>മുന്നം **-(** മുമ്പ് , അവസാനം, അൻപ്**)** | |
| **8.** | നെറ്റി പര്യായപദങ്ങൾ എടുത്തെഴുതുക<br>**(**കപോലം,നിടിലം,ലലാടം,ഗണ്ഡം **)** | |

| | | |
|---|---|---|
| **9.** | സന്യാസിനി - എന്ന പദത്തിന്റെ എതിർ ലിംഗം ഏത്?<br>(തപസിനി, സന്യാസി, താപസിനി) | |
| **10** | താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക<br>(സഹദാപം, സഹതാപം, സഹഥാപം) | |
| **IV** | ഏതെങ്കിലും *9* എണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത എഴുതുക | ***2*9=18*** |
| **1.** | ധീരനായ യതി..... പനിനീർ സുമോപമം<br>**i)**പൂവിനോട് ഉപമിച്ചിരിക്കുന്നത് എന്താണ്<br>(ദുര്യോധനന്റെ മുഖം,നളിനിയുടെ മുഖം,അമ്മയുടെ മുഖം)<br>**ii)**കവിത ഏത്<br>(പ്രിയദർശനം, ഓണമുറ്റത്ത്, അമ്മത്തൊട്ടിൽ) | |
| **2.** | "വഹ്നിസന്തപ്തലോഹസ്ഥാംബു ബിന്ദുനാ സന്നിഭം"<br>**i.**ക്ഷണഭംഗുരമായതെന്ത്?<br>(മർത്ത്യജന്മം,ആയുസ്സ്,ഭോഗങ്ങൾ)<br>**ii.**കാലത്തെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത്?<br>(മിന്നൽ,വഹ്നി,അഹി,ആലയസംഗമം) | |
| **3.** | **i)**എഴുത്തച്ഛൻ എങ്ങനെയാണ് വിശേഷിപ്പിക്കപ്പെടുന്നത്<br>(മലയാള സാഹിത്യത്തിൻറെ പിതാവ്, മലയാള കവിതയുടെ പിതാവ്, മലയാള ഭാഷയുടെ പിതാവ്)<br>**ii)** ക്ഷണപ്രഭ എന്ന വാക്കിന്റെ അർത്ഥം<br>(മിന്നൽ, ഇടിയും മിന്നലും, ഇടി ശബ്ദം) | |
| **4.** | **i)**ദുര്യോധനന്റെ ഒരേയൊരു സഹോദരിയുടെ പേരെന്ത്<br>(പാഞ്ചാലി, സുഭദ്ര, ദുശ്ശള)<br>**ii)** പോരിൽ ദുര്യോധനൻ വീണു കിടന്ന സ്ഥലത്തിൻറെ പേര് എന്ത്<br>(ഭാഗീരഥികച്ചം, സമന്തപഞ്ചകം, ഓഘവതി തീരം) | |
| **5.** | **i)**അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നത് പോലെ വെള്ളായിയപ്പൻ ഇരുന്നത് എവിടെ<br>(റെയിൽവേ സ്റ്റേഷനിൽ,വീടിൻറെ പൂമുഖത്ത്, ജയിലിന്റെ ഗേറ്റിനു പുറത്ത്, ജയിലിന്റെ ഉമ്മറത്ത് ചാരുപടിയിൽ)<br>**ii)**താഴെപ്പറയുന്നവയിൽ ഒ വി വിജയൻറെ കൃതി അല്ലാത്തത് ഏത്<br>(ഖസാക്കിന്റെ ഇതിഹാസം, മധുരം ഗായതി, നീർമാതളം പൂത്ത കാലം) | |
| **6.** | **i)**മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായി കാണപ്പെട്ടതെന്ത്<br>( കൈച്ചുള്ളികൾ, കണ്ണുകൾ, മുഖം, ഓർമ്മകൾ)<br>**ii)** അമ്മത്തൊട്ടിൽ എന്ന കൃതിയുടെ കർത്താവാര് | |

| | | |
|---|---|---|
| | **( വയലാർ, റഫീക്ക് അഹമ്മദ്, വള്ളത്തോൾ)** | |
| **7.** | **i)**ഞാൻ എനിക്കുവേണ്ടി മരിച്ചവരുടെ ഒപ്പം എത്താൻ വെമ്പുകയാണ് ആരുടെ വാക്കുകൾ<br>**(കർണ്ണൻ,ഭീഷ്മർ, ദുര്യോധനൻ)**<br>**ii)** അശ്വത്ഥാമാവ് എന്തിന്റെ പ്രതീകമാണ്<br>**(പക, സ്നേഹം, അസൂയ)** | |
| **8.** | അയാൾ വരമ്പ് മുറിച്ചു കടക്കുമ്പോൾ എതിരെ വരുന്നവർ ഒരല്പം മാറിനിന്ന് ശ്രദ്ധിക്കുമായിരുന്നു<br>**i)** എന്താണ് ശ്രദ്ധിച്ചിരുന്നത്**?**<br>**(കാർ, ടി.വി, റേഡിയോ)**<br>**ii)** അയാൾ ആരാണ്<br>**(ചാക്കുണ്ണി, സണ്ണി, മത്തായി)** | |
| **9.** | **"**നീളും മലയുടെ ചങ്ങലവട്ടയിൽ നാളം പാടല വിരലാൽ നീട്ടിയും **"**<br>**i)**ആരാണ് നാളം പാടലവിരൽ കൊണ്ട് നീട്ടിയത്**?**<br>**(സൂര്യൻ,ഉഷസ്,ഗ്രാമീണപെൺകൊടി)**<br>**ii)**ഒറ്റക്കവിത കൊണ്ട് ഒരു കാലാവസ്ഥതന്നെ തീർത്തകവി ആര്**?**<br>**(വൈലോപ്പിള്ളി ശ്രീധരമേനോൻ,റഫീഖ് അഹമ്മദ്,എഴുത്തച്ഛൻ)** | |
| **10** | **i)** ശിഖണ്ഡി ആരുടെ പുരുഷാവതാരമായിരുന്നു<br>**(അംബ, അംബിക, അംബാലിക)**<br>**ii)** ഉത്തരയുടെ കുട്ടിയുടെ പേരെന്ത്<br>**(നിരീക്ഷത്ത്, പരീക്ഷത്ത്, ശക്തി)** | |
| | ബി വിഭാഗം | |
| **V.a** | പ്രയോഗം മാറ്റുക<br>**i)** നിങ്ങൾ എന്റെ ജയത്തിനു വേണ്ടി ആവുന്നതൊക്കെ ചെയ്യു.<br>**ii)** കടലാസിലെ വിവരങ്ങൾ പാറാവുകാരനാൽ ഒരിക്കൽ കൂടി ശ്രദ്ധിച്ച് വായിക്കപ്പെട്ടു. | ***2*4=8*** |
| **b.** | അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക<br>**i)** ശിബിരത്തിൽ നിന്നു പുറത്തുചാടി ഓടാൻ ചെന്നവരെ ദ്വാരദേശത്തുവച്ചു കൃപരും കൃതവർമ്മാവും കൊന്നുവീഴ്ത്തി<br>**ii)** അയാൾ വീട്ടിലെത്തുന്നതിനുമുമ്പ് തന്നെ അയാൾക്ക് കടം കൊടുത്തവർ വീട്ടിലെത്തിയിരിക്കും. | |
| **c.** | വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക<br>**i)** അവളുടെ മുടിയുടെ കേശഭാരം കൊണ്ട് വദനം ഉയർന്നിരുന്നു.<br>**ii)**ഉരൽക്കുറ്റി പോലെ അനങ്ങാത്തതും ചലനമറ്റതും വളരാത്തതുമായ ഒരു സാധനമല്ല ഗാന്ധിസം | |
| **d.** | ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം | |

| | | |
|---|---|---|
| | വാക്യത്തിൽ ഉപയോഗിക്കുക<br>**i)** കാട്ടുകയറുക **ii)** നക്ഷത്രമെണ്ണിക്കുക **iii)** കുഴിയിൽ ചാടിക്കുക | |
| **VI. a.** | ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരത്തിൽ കവിയാതെ ഉപന്യസിക്കുക<br>**i)**യുദ്ധവും സമാധാനവും<br>**ii)**ഭക്ഷണപ്രിയരായ കേരളജനത | ***1*5=5*** |
| **b.** | വിദ്യാർഥികളുടെ നേരെ നടക്കുന്ന അതിക്രമങ്ങൾ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം സർക്കിൾ ഇൻസ്പെക്ടർക്ക് കത്ത് തയ്യാറാക്കുക | ***1*5=5*** |
| **c.** | പത്രവാർത്ത തയ്യാറാക്കുക: നിങ്ങളുടെ വീടിനടുത്ത് നടന്ന ലൈബ്രറി ഉദ്ഘാടനം | ***1*4=4*** |
| **VII a.** | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>**i)**സ്വന്തം വീട്ടിൽ നിന്നും ആട്ടിറക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളുടെ വേദന കൂടിയാണ് അമ്മത്തൊട്ടിൽ നിങ്ങളുടെ അഭിപ്രായം എഴുതുക<br>**ii)**ഓണമുറ്റത്ത് എന്ന കാവ്യത്തിൽ പ്രത്യക്ഷപ്പെടുന്ന മാനുഷിക ഭാവ വർണ്ണന വിശദീകരിക്കുക<br>**iii)**ശപിക്കപ്പെട്ടവൻ എന്ന വാക്ക് മുഴുവൻ അർത്ഥത്തിൽ വല്ലവരെ പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെ പറ്റിയാണ് -ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക | ***2*3=6*** |
| **b.** | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>**i)**എഴുത്തച്ഛൻറെ തത്വചിന്താപാടവം ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗത്തെ ആസ്പദസ്പമാക്കി വിവരിക്കുക.<br>**ii)**പൊതിച്ചോറ് ബലിച്ചോറായി മാറുന്നതിന്റെ കഥയാണ് കടൽത്തീരത്ത് കഥയിലുടനീളം പ്രമുഖ സ്ഥാനം വഹിക്കുന്ന പൊതിച്ചോറിനെ വിലയിരുത്തിക്കൊണ്ട് ഈ അഭിപ്രായത്തെ സമർത്ഥിക്കുക<br>**iii)** പോയതൊക്കെയഥവാ നമുക്കയേ<br>പ്രായവും സപദി മാറി കാര്യവും<br>ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക | ***2*3=6*** |
| **c.** | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക<br>**i)**ചട്ടമ്പി സ്വാമികളും സ്വാമി വിവേകാനന്ദനുമായുള്ള കൂടിക്കാഴ്ച വിവരിക്കുക.<br>**ii)**കുട്ടികളോടുള്ള സ്വാമിയുടെ സമീപന രീതി എന്തായിരുന്നു<br>**iii)**നവോത്ഥാനത്തിലേക്ക് ഒരു സമൂഹത്തെയും സമുദായത്തെയും നയിക്കാനുള്ള ഇച്ഛാശക്തി കുഞ്ഞൻ ചട്ടമ്പിക്ക് ബാല്യത്തിലേ സിദ്ധിച്ചിരുന്നു സമർത്ഥിക്കുക | ***2*3=6*** |